ഉത്തരം

(എ) ഉണ്ട്. വാഹനാപകടങ്ങൾക്ക് കുറവ് വരുത്തുന്നതിന് വേണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനത്തിന് സർക്കാർ ഊന്നൽ നൽകി വരികയാണ്. വാഹന പരിശോധന കൂടുതൽ ശക്തമാക്കുന്നതിന് എല്ലാ ജില്ലകൾക്കും പ്രത്യേക സ്ക്വാഡുകൾ അനുവദിച്ചിട്ടുണ്ട്. ഓവർ സ്പീഡും, മദ്യപിച്ച് വാഹനം ഓടിക്കുന്നതും കണ്ടുപിടിക്കുന്നതിനുവേണ്ടി സ്പീഡ് ഡിറ്റക്ടിംഗ് റഡാറുകളും ബ്രീത്ത് അനലൈസറുകളും വാങ്ങുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. കൂടാതെ റോഡ് സുരക്ഷാ അവബോധം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 10 സ്കൂൾ/കോളേജുകളിലായി റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ പാഠ്യ പദ്ധതിയിൽ റോഡു സുരക്ഷാ പാഠഭാഗങ്ങൾ ഉൾപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ച് നിയമ സാധുത കൊടുക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) 20-5-2001 മുതൽ 31-12-2001 വരെ 23886-ഉം, 1-1-2002 മുതൽ 31-12-2002 വരെ 38762-ഉം 1-1-2003 മുതൽ 30-11-2003 വരെ 35859-ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്.

(ഇ) 3138

(എഫ്) സ്വീകരിച്ചുവരുന്നു.

തലസ്ഥാന നഗരത്തിലെ ഗതാഗത പരിഷ്കരണം

127 [494] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ ഗതാഗത സംവിധാനത്തിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് ഗതാഗത വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം തിരുവനന്തപുരം നഗരത്തിലെ സിറ്റി സർവ്വീസ് സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പുതിയ എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) തെക്കൻ കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്നായി പ്രതിദിനം 500-ൽപരം ട്രാൻസ്പോർട്ട് ഷെഡ്യൂളുകൾ എത്തിച്ചേരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രദേശത്ത് പുതിയ ട്രാൻസ്പോർട്ട് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുമല, മെഡിക്കൽ കോളേജ്, മണ്ണന്തല, തിരുവല്ലം എന്നീ സ്ഥലങ്ങളിൽ ബസ് ഡിപ്പോകൾ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) തലസ്ഥാന മേഖലയിലെ സ്വകാര്യ ബസ് റൂട്ടുകളുടെ സർവ്വീസ് അഞ്ചു കിലോമീറ്റർ കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലസ്ഥാന നഗരത്തിന് പ്രത്യേകമായി പരിഷ്കാരങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്താൻ ഗതാഗത വകുപ്പിനു പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ ട്രാഫിക് ലൈറ്റുകൾ, ട്രാഫിക് ചിഹ്നങ്ങൾ എന്നിവ സ്ഥാപിക്കുക, റോഡുകൾ മാർക്ക് ചെയ്യുക, ഡ്രൈവർമാർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിന് ട്രെയിനിംഗ് സ്കൂളുകൾ സ്ഥാപിക്കുക, ബോധവൽക്കരണം നടത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പതിനെട്ട് (18) പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. അനുവദിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് മെഡിക്കൽ കോളേജ് പ്രദേശത്ത് ബസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മറ്റ് സ്ഥലങ്ങളിലെ കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly